MONTHLY NEWSLETTER OF GURUVAYOOR DEVOTEES FORUM

ഓം നമോ നാരായണായ: Om Namo Narayanaya: ഓം നമോ നാരായണായ:

# നവനീതം

തുലാം 1183 / OCTOBER 2007

# NAVANEETHAM

ഓം നമോ നാരായണായ: ഓം നമോ നാരായണായ: ഓം നമോ നാരായണായ:

ഓം നമോ നാരായണായ: ഓം നമോ നാരായണായ: ഓം നമോ നാരായണായ:



ഓം നമോ നാരായണായ: ഓം നമോ നാരായണായ: ഓം നമോ നാരായണായ:
ഓം നമോ നാരായണായ: ഓം നമോ നാരായണായ: ഓം നമോ നാരായണായ:

ഓം നമോ ഭഗവതേ വാസുദേവായ:

Hare Rama Hare Krishna!

# Deepavali, Vijaya Dashami and Saraswathi Puja.

II Shri Rama Jayam II Jai Shri Krishna II


## Hari Shree Ganapathaye Nama:



Vijaya Dashami/Vidyarambham is on October 21st. The ten-day festival, also known as Dussehra or Navaratri is started on October 12th this year. On the Ashtami day, we start the ***Poojaveypu*** ceremony. We keep our important books including holy books, work related tools in a specially decorated place with a picture of Goddess Saraswathi. Puja is performed to Devi Saraswathi during which fruits, beaten rice, roasted paddy (malar), jaggery etc, are offered.

The following day is **Mahanavami** and it is totally devoted to the worship of Saraswathi. Puja is performed both in the morning and in the evening. Many items such as rice, payasam, thirali, etc are offered to Devi.

***Vidyarambham*** – initiation to vidya/knowledge – children are initiated to the world of learning by introducing them to alphabets for a first time by a Guru, priest or an elder member of the family with the blessing of the Goddess of knowledge, Saraswathi.



**Dashami celebrations in Guruvayoor**

Many devotees spend their Dussehra holidays days with Guruvayoorappan. There is a Saraswathi shrine inside the temple opposite to the Ganapathy temple, Generally the Saraswathi temple opens only during Dasami pooja celebrations. Hundreds of children will be initiated to learning during these days in Guruvayoor.

**Wish you all a Very Happy Vijaya Dashami!**

**Deepavali is on November 9th, Friday this year. Deepawali is celebrated as the return of Shri Rama to Ayodhya, after killing Ravanan. The day of killing Ravanan is celebrated as Dussehra and the day Rama returned to Ayodhya is celebrated as Deepavali.**



**An alternate version of Deepavali says it as the day Krishna beheaded Narakasuran with his Sudarsana-Chakra.**

**Deepavali, symbolizes the victory of light over darkness, victory of good over evil. Deepams -lamps- are the symbol of new hope for all of us.**

**Wish you all a Very Happy Deepavali!**

– **Om Namo Narayanya: May God Bless you always.**

– **Sunil Menon**

## Wish you a Very Happy Deepavali!





Navaneetham (freshly churned butter) is a humble attempt by Guruvayur Devotees Forum to create a monthly news letter for our group. Please send your comments, suggestions and any materials that you wish to publish to **editor@guruvayoor.com**

**കൃഷ്ണാ ഗുരുവായൂരപ്പാ!**

## വിഷയക്രമം / CONTENTS


| | | |
|---|---|---|
| കലിയുഗവരദനെ കാണുവാൻ | 5 | Sukumar canada |
| GopalaVismati | 7 | Dr. Saroja Ramanujam, MA, PhD |
| The Saptarishis | 10 | Balagopal Ramakrishnan |
| Krishna Guruvayoorappa | 11 | Neena Manoj |
| നവരാത്രി | 13 | Valluvandan |
| Letter to Editor – Navaneetham | 21 | Neena Manoj |





*Aum Hari Shree Ganapathaye Nama:*

*Avighnamasthu Shree Gurubhyo Nama:*

**Mandala Kaalam starts on November 17th**

**Swamiye Saranamayyappa!!!**

# കലിയുഗവരദനെ കാണുവാൻ



എ. പി. സുകുമാർ

കലിയുഗ വരദനെ കാണുവാൻ കൈവല്യം
കലിയുഗത്തിൻ ജന്മ സാഫല്യം
കരുണ വഴിയുമാ ചിന്മുദ്രകണ്ടാൽ
കൈവരുമല്ലോ പുണ്യോദയം എൻ
നരജന്മ സാഫല്യ സൂര്യോദയം

കെട്ടുകൾ രണ്ടുണ്ട് പടികൾ പതിനെട്ടുണ്ട്
പരശതം പാപങ്ങൾ കൂടെയുണ്ട്
പരം പൊരുളേ നിന്നെ ശരണം വിളിച്ചതിൻ
പുണ്യഫലങ്ങളും കെട്ടിലുണ്ട്
പടി പതിനെട്ടിലായ് പാപ പുണ്യങ്ങൾ തൻ
കെട്ടുകൾ ഞാനൊന്നഴിച്ചു വച്ചു
നാവിലെ ശരണമാം തേൻ കണം മാത്രം
അടിയനുപുണ്യം അനവരതം അയ്യാ
അടിയനുപുണ്യം അനവരതം
അതിനുനിൻ കാരുണ്യം കർപ്പൂര പ്രഭയായി
മനതാരിലെന്നും നിറയേണമേ... നാമം
ശരണമായ് എന്നും തുണയാകണേ
കലിയുഗ വരദനെ കാണുവാൻ കൈവല്യം

നെയ്യു നിറച്ചും ഇരുമുടി താങ്ങിയും
വന്നതു ഞാനാം 'ഞാനെ'ങ്കിൽ
നടയിലുടഞ്ഞു ചിതറിയതൊക്കെയെൻ
അഹമാം അഴലിൻ നെയ്ത്തേങ്ങ
മാളികപ്പുറത്തൊരു മഞ്ഞൾക്കുരുതിയായ്
മനതാരിലടിയും വൈരങ്ങൾ
നാവിലെ ശരണമാം തേൻ കണം മാത്രം
അടിയനുപുണ്യം അനവരതം അയ്യാ
അടിയനുപുണ്യം അനവരതം
അതിനുനിൻ കാരുണ്യം കർപ്പൂര പ്രഭയായി
മനതാരിലെന്നും നിറയേണമേ... നാമം
ശരണമായ് എന്നും തുണയാകണേ
കലിയുഗ വരദനെ കാണുവാൻ കൈവല്യം



**Om Namo Narayanaya:**



# MUKUNDAMALA

## DR. SAROJA RAMANUJAM, M.A., PH.D, SIROMANI IN SANSKRIT.

***20. prThvee reNuraNuh payaaMsi kaNikaah phalgusphulingo laghuh***
**thejo niSSvasanam marutthanutaram ranDhram susookshmam nabah**
**kshudraa rudhrapithaamaha prbhrthayah keetaasamasthaassuraah**
**dhRushTe yathra sa thaavako vijayathe bhoomaavaDhoothaavadhih**

Compared with Your glory this earth is a small particle of dust, the waters of the seas are only a drop, the fire is only a spark, the wind is like a slight breath, the space is but a small hole and all the gods like Rudra and Brahma are like small insects. May such glory, which transcends all, be victorious.

The earth is very large to us who inhibit it but to the cosmonauts who travel in space it looks like a small ball and higher and higher one goes it is just a speck. The same concept is described here as the universe from the point of view of the all encompassing reality the Supreme Purusha, Narayana , the Brahman, is infinitesimal and insignificant.

This reflects the description in Srimadbhagavata of the cosmic form.
The first and supreme Purusha was the cosmic form, immeasurable, from whom the Time, the primordial nature, which was the evolvent and the evolutes, mind, the five elements, ego, the three attributes and the indhriyas originated. The gross cosmic form, virat, came from the subtle cosmic form, svarat, and the individual entities, movable and immovable came from that.

Brahma told Narada that he was creating the worlds by the command of the Lord, Rudra is annihilating the worlds by His command and He Himself protects the universe in the form of Vishnu.

The whole creation is nothing but the Lord. He is the past, present and future. He pervades all and extends beyond. His transcendence is declared in the Vedas as **, 'sa bhoomim visvatho bhoothvA athyadhiShThath dhaSAngulam'(Purushasuktham)** He pervades all and extends all by ten fingers , which means that He is immeasurable, that is, He is beyond the count of ten fingers. He is self-luminous and also illumines everything as the Sun does.

'**Thamevabhaantham anubhaathi sarvam thasya bhaasaa sarvamidham vibhaathi,'** says the Upanishad, All luminous bodies like the Sun get their light only from Him and shine only by His light. The whole universe is His sarira.

The remembrance of the cosmic form of the Lord puts the Azvar in the same state as Arjuna was on seeing the visvaroopa and he says,

**21. baddhenaanjalinaa nathena Sirasaa gaathraissaromodgamaih**
**kanThena svaragadgadhena nayanenodgeerNabaaShpaambunaa**
**nithyam tvaccharaNaaravindayugala Dhyaanaamrthaasvaadhinaam**
**asmaakam saraseeruhaaksha sathatham sampadhyathaam jeevitham**

May our life be spent with folded hands, head bowed down in salutation, limbs in ecstasy, voice muffled with emotion and our eyes following with tears each day imbibing the nectar of the remembrance of your lotus-feet.

The devotee when he thinks of the Lord is transported into a realm of joy, when his eyes are filled with tears of joy, and he completely forgets this world except for the experience of enjoying the presence of the Lord in front. This could happen by remembrance or by seeing the form of the Lord in temple or in pictures. That moment he only wants to unite with the Lord and does not want to come back to earth. This is the real devotion and not the one thinking of Him for fulfillment of some desire. Love the Lord for His sake and not for what He could give or do to you is bhakthi.

**22. he gopaalaka he kRupaajalanidhe he sindhukanyaapathe**
**he kamsaanthaka he gajendhrakaruNaapaareeNa he maadhava**
**he ramaanuja he jagathrayaguro he pundareekaaksha maam**
**he gopeejananaaTha paalayaparam jaanaami nathvaam vinaa**

Oh Gopala, the sea of mercy, the Lord of the daughter of the ocean(Lakshmi), the destroyer of Kamsa, the protector of Gajendra out of boundless mercy, oh Madhava, the brother of Rama (Balarama), oh preceptor of all the three worlds, oh Lotus-eyed Lord, he beloved of he gopis , protect me who does not know any other refuge.

When the Azvar visualizes the Lord, the first reaction is the ecstasy beyond words. Next comes the words of praise and beseeching His grace.

He is Gopala , protector of all , the word 'go' in Sanskrit having various meanings besides 'cow,' including earth .

He is krupaajalanidhi, the sea of mercy and the next name gives the reason, namely, that He is the Lord of Lakshmi,, sindhukanya, who residing in His heart fills it with mercy.

He , however does not show mercy to the wicked and hence He is kamsaanthaka, destroyer of kamsa.

He shows mercy to all beings is denoted by the word gajendrakarunaapaareena and He is

Madhava, again referring Him as the Lord of Maa, Lakshmi. (maayaaH dhavaH)


He is Ramanuja, raamasya anuja, brother of Rama, meaning Balarama.

He is jagathraya guru, the giver of Gita and also because from Him the Vedas originated, which are the gospel of all beings.

He is pundareekaaksha, thereby showing that he is beautiful as well and not formidable as a guru.

The topping of all epithets is the name gopijananatha, which denotes His soulabhya souseelya and vatsalya. He is the lover of all and loved by all. It is said that no other name pleases the Lord more than gpopivallbha.





# The Saptarishis

Balagopal Ramakrishnan

They are: Mareechi, Atri, Angirasa, Pulatsya, Pulasa, Krathu and Kashyapa

Other important sages are: Gauthama, Parashurama, Vishwamitra and Vasishtha

There is some confusion over whether Vashistha was one of the original seven.

The set of seven stars in the sky called the Pleiades in English and Saptarishis in India are said to be these seven looking down upon us.

But these are the original gentlemen to whom we owe much of our mythologies, they keep popping up in lots of stories and have important roles to play over the course of history.

The Saptarishis are instrumental in saving humanity from the first flood when Vishnu takes the form of a fish to save the world from an evil demon who has swallowed the Vedas and acheived immortality. To fight against him , the world gets flooded, the Indian version of the Biblical Flood and Satyavrata the King who rears Vishnu as the fish and the Seven Saptarishis take refuge aboard the Boat the Vishnu asks Satyavrata to build to save himself and all living species from the flood.

The Saptarishis then are the harbingers of civilisation and later on help various kings and personalities throughout the ages.

NARAYANA NARAYANA NARAYANA

courtsey:http://appliedepics.com/



Kindly read this poem with heartful of Bakthi:

Krishna Krishna Guruvayoorappa
Krishna Krishna Guruvayoorappa
Guruvayoorappa Guruvayoorappa Guruvayoorappa Guruvayoorappa

# Krishna Guruvayoorappa

Kanna, I don't know how I reached you so deeply!
Kanna, I'm not a vedic scholar or a religious master
Nor I don't have any knowledge on traditional rules & customs
Kanna, with your blessing I lead my life peacefully
Kanna, I don't know what Bakthi is & what it will be?
Kanna, you have taught me what is Bakthi & what bakthi rasa is!

Through my daily continuous prayers, you start showing your love & presence to me.
Then I started living only for you, keeping always you in mind.
I can see you all over, where I wish you are there!
It's marvelous, great & wonderful and can not express through words or action!
I pray my lord with heartful of love & faith, keeping the idol in my inner mind!
A place where no one could see! I am selfish to share the love of my Krishna with anyone,
He is mine & only mine!

Now, my world is full of you, and I wish & want to achieve to know you more & more.
Without asking to my lord I don't have any my own decision.
He will tell me what to do and need not to be, All my steps as he wish.
Sometimes with lots of tension & sorrow makes my mind really worried
All that moment, I sit near to my Krishna and say all about that,
later with a reply to that he makes me happy
and all in sudden my grief's are vanished and gone forever!

My entire body always look for him to be near & close to him!

All my spare times I listen to his music
which makes my mind & body very close to him!
and I don't know where I am, but in a world of KRISHNA!
His music touches deep into my heart & total body start responding,
even in a dancing style ! That much I am involved with my lord!
My mind is always wide & open to call his name all the time!

Lastly to say, A mother can know his son ! and a son his mother,
and we keep that great momentous attachment!!
I don't know what to say & write, with all my devotional prayers
and attention to my Lord, I am always behind him.
*************

To the Lotus feet of my beloved God Krishna
With love & faith :Mrs. Neena Manoj
*P.O.Box:1169 – Sharjah – U.A.E.*



# നവരാത്രി

***സമ്പാദനം / ക്രോഡീകരണം: വള്ളുവനാടൻ (Valluvanadan)***



**പ്രപഞ്ചത്തിൽ സൂക്ഷ്മമായി അന്തർലീനമായ ഈശ്വരീയമായ ശക്തിവിശേഷങ്ങളെ ബാഹ്യപ്രതലങ്ങൾ വരെ ആവാഹിച്ച് ആവിഷ്കരിയ്ക്കുന്ന ശ്രദ്ധേയമായ ഒരാഘോഷമാണ് നവരാത്രി എന്ന് തന്ത്ര വിദ്യാരീതിയിൽ പറയാം. അധർമ്മത്തിനു മേൽ ധർമ്മം നേടിയ വിജയമാണ് നാം ആഘോഷിയ്ക്കുന്നതെന്ന് സാമാന്യജനങ്ങൾ പറയും.**

**മനുഷ്യന്റെ മുലാധാരമായ കുണ്ഠലിനി ശക്തിയെ ഉണർത്തി ഷഡാധാരങ്ങളിലൂടെ ശിരസ്സിലുള്ള സഹസ്രാര പത്മത്തിൽ ലയിച്ചിരിയ്ക്കുന്ന പരമശിവനിൽ യോജിപ്പിയ്ക്കുക എന്നതാണ് പൂജയുടെ പ്രായോഗിക സ്വരൂപം. അതായത് ശക്തിയെ ശിവനിൽ ലയിപ്പിയ്ക്കുക.**

**നവരാത്രിയിലെ ഓരോ ദിവസവും ദേവിയുടെ ഓരോ ഭാവത്തെയാണ് പൂജിയ്ക്കുക. എന്നാൽ ചിലയിടങ്ങളിൽ ആദ്യത്തെ 3 ദിവസം ദുർഗ്ഗയേയും പിന്നത്തെ 3 ദിവസം ലക്ഷ്മിയേയും**

അവസാനത്തെ 3 ദിവസം സരസ്വതിയേയും പൂജിയ്ക്കുന്ന പതിവും ഉണ്ട്. ബംഗാളിൽ ദുർഗ്ഗാഷ്ടമിയ്ക്കാണ് കൂടുതൽ പ്രാധാന്യം. മറ്റു ചിലയിടത്ത് ദുർഗ്ഗാഷ്ടമി വരെ ദുർഗ്ഗയേയും നവമിയ്ക്ക് മഹാലക്ഷ്മിയേയും വിജയദശമിയ്ക്ക് സരസ്വതിയേയും പൂജിയ്ക്കുന്ന പതിവാണുള്ളത്.

**കേരളത്തിൽ സരസ്വതി പൂജ**

കേരളത്തിൽ അവസാനത്തെ 3 ദിവസം ആയുധപൂജ എന്ന സങ്കൽപത്തിൽ സരസ്വതിയെയാണ് പൂജിയ്ക്കുന്നത്. ഇത് ദേവീഭാഗവതത്തിൽ പറയുന്ന ഒരു രീതിയാണ്. ഇതിൽ ഉപയോഗിയ്ക്കുന്ന മൂലമന്ത്രത്തിന് മഹാലക്ഷ്മിയുടെ രമാ ബീജവും മായാബീജവും ഉൾക്കൊള്ളുന്നുണ്ട്. അതുകൊണ്ട് ഈ 3 ശക്തികളേയും സംയുക്തമായി പൂജിയ്ക്കുകയാണെന്നും പറയാം. ചണ്ഡികാരൂപിണിയായ ചാമുണ്ഡിയാണ് നവാക്ഷരീ മന്ത്രത്തിന്റെ അധിദേവത. ഇത് മഹാലക്ഷ്മി, സരസ്വതി, മഹാകാളി എന്നീ അവസ്ഥകളുടെ സംയുക്ത രൂപമാണ്. നവദുർഗ്ഗാ മൂർത്തികളുടെ സമഷ്ടി രൂപവും ഈ ചണ്ഡിക തന്നെ. ചണ്ഡികാ ശബ്ദത്തിന്റെ അർത്ഥങ്ങളിലൊന്ന് പരബ്രഹ്മം എന്നാണ്.

9 ദിവസവും ഉപവാസം അനുഷ്ഠിയ്ക്കണമെന്നാണ് വിധി. പരിപൂർണ്ണ വ്രതാനുഷ്ഠാനമായോ രാത്രി ഒരിയ്ക്കലായോ ഉപവസിയ്ക്കാം. മന്ദാരം, തുളസി, പിച്ചി, ചമ്പകം, കരവീരകം, അശോകം, കൂവളം, കവുങ്ങിൻ പൂക്കുല എന്നിവ ഉപയോഗിച്ചാണ് പൂജ ചെയ്യേണ്ടത്. വാഴപ്പഴം, കരിമ്പ്, നാളികേരം, നാരങ്ങ, മാതളം എന്നീ പഴങ്ങളും അവിൽ, പാനകം, മലർ, ശർക്കര, പൊരി, അന്നം, പായസം മുതലായവ നിവേദിയ്ക്കാം. നിത്യേന 3 നേരമാണ് പൂജനടത്തേണ്ടത്.

**ഇച്ഛാ-ക്രിയാ-ജ്ഞാന ശക്തികളുടെ പ്രാപ്തി**

നവരാത്രിക്കാലത്ത് ലക്ഷ്മി, ദുർഗ്ഗ, സരസ്വതി എന്നീ ദേവതമാരെയാണ് പൂജിയ്ക്കേണ്ടത്. ഇച്ഛാ ശക്തി, ക്രിയാശക്തി, ജ്ഞാനശക്തി എന്നിങ്ങനെ മൂന്നു തരത്തിലാണ് ഈശ്വരശക്തിയുടെ പ്രഭാവം. ലക്ഷ്മി ഇച്ഛാശക്തിയുടേയും, ദുർഗ്ഗ ക്രിയാശക്തിയുടേയും സരസ്വതി ജ്ഞാനശക്തിയുടേയും പ്രതീകങ്ങളാണ്. ഇവയെ വെവ്വേറെ ആരാധിയ്ക്കുന്നതിലൂടെ ഇച്ഛാ-ക്രിയാ-ജ്ഞാന ശക്തികളുടെ സമ്പൂർണ്ണമായ പ്രാപ്തിയാണ് ഉദ്ദേശിയ്ക്കുന്നത്.

നവരാത്രി ആഘോഷത്തിന് കാരണമായി പറയാവുന്ന ദേവിയുടെ യുദ്ധവിജയ കഥകൾ ദേവീ ഭാഗവതത്തിലും മാർക്കണ്ഡേയ പുരാണത്തിലും പറയുന്നുണ്ട്. മഹിഷാസുരൻ, ചണ്ഡാസുരൻ, രക്തബീജൻ, സുംഭനിസുംഭന്മാർ, ധൂമ്രലോചനൻ, മുണ്ഡാസുരൻ എന്നിവരുടെ നിഗ്രഹത്തിനായി ദേവി എടുത്തിട്ടുള്ള അവതാരങ്ങളും അതിൽ നേടിയ വിജയവും ആണ് നവരാത്രി ആഘോഷത്തിന്

**കാരണമായത്. ധർമ്മ സംരക്ഷണത്തിന്റെയും വിജയത്തിന്റെയും സന്ദേശമാണത് നൽകുന്നത്.**

**നവരാത്രി ഉത്സവത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ചടങ്ങ് പൂജയാണ്. കേരളത്തിൽ ദശമി വരെയുള്ള അവസാനത്തെ മൂന്നു ദിവസത്തെ ആചാരങ്ങൾക്ക് ആയുധപൂജ എന്നു പൊതുവെ പറയാറുണ്ട്. തന്ത്ര ശാസ്ത്രത്തിൽ പൂജ, ഹോമം, ബലി, തർപ്പണം എന്നീ ക്രിയകളാണ് അനുഷ്ഠാനങ്ങളുടെ പ്രായോഗിക സ്വരൂപം. ഇവിടെ പൂജയ്ക്കാണ് പ്രാധാനം.**

**നവരാത്രി ആഘോഷത്തിന്റെ എട്ടാം ദിവസം വൈകുന്നേരത്തോടെ തൊഴിലാളികളും കരകൗശലപണിക്കാരും ഉദ്യോഗസ്ഥരുമെല്ലാം അവരവരുടെ തൊഴിലുപകരണങ്ങളും വിദ്യാർത്ഥികൾ പാഠപുസ്തകങ്ങളും പേനയും മറ്റും പൂജയ്ക്കു വേണ്ടി സമർപ്പിയ്ക്കുന്നു. നവമി ദിവസം അടച്ചുപൂജയാണ്. പത്താം ദിവസം വിജയദശമി. അന്നു കാലത്ത് പൂജയ്ക്കു ശേഷം കിട്ടുന്ന പണിയായുധങ്ങൾ, തൊഴിലുപകരണങ്ങൾ, പാഠപുസ്തകങ്ങൾ എല്ലാം ജീവിതവിജയത്തിന് ആവശ്യമായ ദൈവീകാനുഗ്രഹം സിദ്ധിച്ചവയായിരിയ്ക്കും എന്നാണ് വിശ്വാസം.**

**<u>വിദ്യാരംഭം</u>**



**വിജയദശമി ദിവസമാണ് വിദ്യാരംഭം. ഇത് എന്നുമൊരു ശുഭമുഹൂർത്തമാണ്. ഈ ദിവസം തുടങ്ങുന്ന ഒരു കാര്യവും പരാജയപ്പെടില്ല. കേരളത്തിൽ വിജയദശമി ദിവസം ജ്ഞാന ദേവതയായ സരസ്വതിയെ പൂജിച്ച് വിദ്യാരംഭം കുറിയ്ക്കുന്നു. ഹരിശ്രീ എഴുതിയശേഷം ഭാഷയിലെ 51 അക്ഷരങ്ങളും എഴുതിയ്ക്കുന്നു. അക്ഷരമാലയിലെ 51 ലിപികൾ കേവലം ലിപികളല്ല, മന്ത്ര ശാസ്ത്രത്തിന്റെ അടിസ്ഥാന ശക്തികൾ കൂടിയാണ്. മന്ത്രശാസ്ത്രത്തിൽ ഇവയെ മാതൃകാ അക്ഷരങ്ങൾ എന്നാണ് പറയുക. അതുകൊണ്ട് വിദ്യാരംഭം അക്ഷര പൂജ ചെയ്യുന്ന ഒരു താന്ത്രിക ക്രിയയായി വേണം കരുതാൻ.**

**<u>നവരാത്രി - ഒൻപതിന്റെ പ്രാധാന്യം</u>**

**നവരത്നങ്ങൾ, നവധാന്യങ്ങൾ, നവരസങ്ങൾ, നവനിധികൾ, നവലോകങ്ങൾ, നവഗ്രഹങ്ങൾ**

എന്നിങ്ങനെ ഒൻപതുമായി ബന്ധപ്പെട്ട ആധിദൈവികമായി ബന്ധമുള്ള പല വിഷയങ്ങളുമുണ്ട്. നവം അല്ലെങ്കിൽ ഒൻപത് പൂർണ്ണതയുടെ പാരമ്യത്തിന്റെ സൂചനയാണ്. ഒൻപത് പൂർണ്ണതയിലെത്തുമ്പോഴാണ് പത്തിലേയ്ക്ക് കടക്കുക. അതുകൊണ്ട് പത്ത് വിജയ സൂചകമായി കരുതുന്നു. നവരാത്രിയ്ക്കു ശേഷമുള്ള ദിവസം - പത്താം ദിവസം - വിജയ ദശമിയാവുന്നത് അതുകൊണ്ടാണ്. ഗണിതശാസ്ത്രത്തിൽ 9 എന്ന സംഖ്യയ്ക്ക് പല സവിശേഷതകളുമുണ്ട്.
ഏറ്റവും വലിയ അടിസ്ഥാന സംഖ്യയാണ് ഒൻപത്. അനന്തതയെ സൂചിപ്പിയ്ക്കുന്ന പൂജ്യം കൊണ്ട് ഏതു സംഖ്യയെ ഗുണിച്ചാലും പൂജ്യമാണ് കിട്ടുക. അതുപോലെ ഒൻപതു കൊണ്ടു ഗുണിച്ചുകിട്ടുന്ന ഏതു സംഖ്യയും തമ്മിൽ കൂട്ടിയാൽ ഒൻപതു തന്നെ കിട്ടും. ഉദാഹരണത്തിന് 9 ഗുണം 5 = 45, 4+5= 9. അടിസ്ഥാന സംഖ്യകളെല്ലാം കൂട്ടിയാൽ കിട്ടുന്ന തുകയിലെ അക്കങ്ങൾ കൂട്ടിയാലും ഒൻപതാണ് കിട്ടുക. (1+2+3+4+5+6+7+8+9=45, 4+5=9).

സഗുണബ്രഹ്മമായ ഒൻപത് എന്ന സംഖ്യ ശക്തിസ്വരൂപിണിയേയും - നവദുർഗ്ഗമാരേയും, ഒന്ന് എന്ന സംഖ്യ ശിവനേയുമാണ് പ്രതിനിധീകരിയ്ക്കുന്നത്. ശിവസ്വരൂപമായ പത്താം ദിവസത്തെ ദശമി പൂജ യോട് ചേരുമ്പോൾ ശിവനും ശക്തിയും തമ്മിലുള്ള ഐക്യം ഉണ്ടാവുകയും ചെയ്യുന്നു.

<u>നവരാത്രി ദേവതമാർ</u>

നവരാത്രിയിലെ ഓരോ ദിനവും പരാശക്തിയുടെ ഓരോ ഭാവമാണ് പൂജിയ്ക്കുന്നത്. ഒരേ ചൈതന്യ ത്തിന്റെ വിവിധ ക്രിയാഭാവങ്ങളാണിവ. ഇച്ഛാശക്തിയും ജ്ഞാനശക്തിയും ക്രിയാശക്തിയും ഒരുമിച്ച് ചേർന്നവളാണ് ദേവി. പ്രപഞ്ച സാരവും പ്രപഞ്ചഭാവവും ദേവി തന്നെയാണ്.
ഒന്നാം ദിവസം: നവരാത്രിയുടെ ഒന്നാം ദിവസത്തെ ദേവത ബാലാത്രിപുരസുന്ദരിയാണ്. പാതാളം, ഭൂലോകം, സ്വർഗ്ഗം, എന്നിവിടങ്ങളിൽവച്ച് ഏറ്റവും സുന്ദരിയും അനുഗ്രഹദായിനിയുമാണ് ബാലികാ രൂപത്തിലുള്ള ഈ ദേവി. അരിയും പരിപ്പും നെയ്യും കുരുമുളകും ചേർത്ത ' പുലക'മാണ് നിവേദ്യം.

രണ്ടാം ദിവസം: രാജരാജേശ്വരിയാണ് രണ്ടാം ദിവസത്തെ ദേവത. പീതാംബരധാരിണിയായ ഈ ദേവത സകല ഐശ്വര്യങ്ങളും പ്രദാനം ചെയ്യുന്നു. തൈരിൽ കുഴച്ച ചോറാണ് അമ്മയ്ക്ക് നിവേദ്യം.

മൂന്നാം ദിവസം: 'തൃതീയ' എന്നാണ് 3ാം നാളിലെ സ്വർണ്ണവർണ്ണമുള്ള പുടവധരിച്ച ഈ ദേവതയുടെ നാമം. നിവേദ്യം പായസമാണ്.

നാലാം ദിവസം: അന്നപൂർണ്ണയെയാണ് നാലാം ദിവസം പൂജിയ്ക്കുന്നത് ലോകൈകജനനിയുടെ

**ഭാവത്തിലാണ് അന്നപൂർണ്ണ. 'കോരികകൊണ്ട് അന്നം വിളമ്പുന്ന അമ്മയാണ്' ഈ ദേവി. എത്ര വിളമ്പിയാലും അന്നപൂർണ്ണയ്ക്ക് മതിയാകില്ലത്രേ. 'പുളിയോദര'മാണ് ഈ ദേവിയുടെ നിവേദ്യം.**

**അഞ്ചാം ദിവസം: 5ാം ദിവസത്തെ ദേവതയാണ് ലളിതാദേവി. പാശം, അങ്കുശം, എന്നീ ആയുധങ്ങൾ ധരിച്ച ലളിതാദേവി കരുണാസാഗരമാണ്. അത്യന്തം സ്വാത്വികയായ ഈ ദേവിയുടെ നിവേദ്യം 'ശർക്കരപൊങ്കലാണ്'.**

**ആറാം ദിവസം: ഗൗരി, ഷഷ്ഠി എന്നീ പേരുകളിൽ അറിയപ്പെടുന്ന പാർവ്വതിയാണ് ആറാം ദിവസത്തെ പൂജയ്ക്കർഹ. ശിവപത്നിയായ പാർവ്വതി സുസ്മേര വദനയായി, ശിവനെ തൽപമാക്കി വാണരുളുന്ന രൂപത്തിലാണ് പൂജിയ്ക്കപ്പെടുന്നത്. ചോറും ശർക്കരയും കൂട്ടിയുണ്ടാക്കുന്ന ' അപ്പലു' എന്ന നിവേദ്യ മാണ് ഈ ദേവതയ്ക്ക് പ്രിയം.**

**ഏഴാം ദിവസം: സർവ സമ്പദ് പ്രദായിനിയാണ് മഹാലക്ഷ്മി. മഹാലക്ഷ്മിയെ പൂജിയ്ക്കുന്നവർക്ക് ധർമ്മം, അർത്ഥം, കാമം, മോക്ഷം എന്നിവ വേഗം കരഗതമാകുന്നു. നെയ്യ് ചേർത്ത മധുരോപാഹരമാണ് വിഷ്ണുപത്നിയായ മഹാലക്ഷ്മിയുടെ നിവേദ്യം. ഇച്ഛാശക്തിയാണ് മഹാലക്ഷ്മി.**

**<u>ദുർഗ്ഗാഷ്ടമി</u>**

**ആയുധപൂജയുടെ ദിനമാണ് ദുർഗ്ഗാഷ്ടമി. ചുവപ്പ് വസ്ത്രം ധരിച്ച്, സിംഹരുദ്രയായി മഹിഷാസുരവധം നടത്തുന്നവളായ ദുർഗ്ഗയെയാണ് എട്ടാം നാൾ പൂജിയ്ക്കുന്നത്. കടും പായസമാണ് ദുർഗ്ഗയുടെ നിവേദ്യ ം. ദുരിതങ്ങളെ കടക്കാൻ സഹായിയ്ക്കുന്നതിനാലാണ് ഈ ദേവതയ്ക്ക് ദുർഗ്ഗ എന്ന് പേർ. ക്രിയാശക്തിയാണ് ദുർഗ്ഗ.**

**<u>മഹാനവമി</u>**

**സർവജ്ഞാന ദായിനിയായ സരസ്വതിയെയാണ് ഒൻപതാം ദിവസം പൂജിയ്ക്കുന്നത്. അക്ഷരാത്മികയും അപാരകരുണാമൂർത്തിയുമായ സരസ്വതി സാത്വികതയുടെ ഉച്ചകോടിയാണ്. 'പൂർണ്ണ'മാണ് (ശർക്കര അകത്ത് വച്ചുണ്ടാക്കുന്ന കൊഴുക്കട്ട) നിവേദ്യം. ജ്ഞാനശക്തിയെയാണ് സരസ്വതി പ്രതിനിധാനം ചെയ്യുന്നത്.**

**<u>വിജയദശമി</u>**

**ഇച്ഛാ ക്രിയാ ജ്ഞാന ശക്തിയായ ജഗംദബികയാണ് വിജയദശമിയ്ക്ക് പൂജിയ്ക്കുന്നത്. മഹിഷാസുരമർദ്ദിനി രൂപത്തിലുള്ളതാണ് അമ്മയുടെ ഈ രൂപം. പയറും ചോറും ചേർന്ന മധുരപലഹാരമാണ് നിവേദ്യം.**

**<u>വിദ്യാരംഭം-വിദ്യാഭ്യാസം</u>**

പ്രാചീന കേരളത്തിലെ വിദ്യാഭ്യാസ രീതിയനുസരിച്ച് അ|ാം വയസ്സിൽ എഴുത്തിനിരുത്തും. നാവിന്മേൽ 'ഹരിഃശ്രീ ഗണപതയെ നമഃ' എന്നെഴുതി അമ്പത്തൊന്നക്ഷരങ്ങളും കുറിയ്ക്കണം.

സ്വർണംകൊണ്ട് പിന്നീട് ഒരു തളികയിലെ ഉണക്കലരിയിൽ കൈപിടിച്ച് എഴുതിയ്ക്കണം. ഇങ്ങനെ

വിദ്യാരംഭം ആദ്യപടിയായി നടക്കുന്നു. വായ്പ്പാഠമാണടുത്തത്. ഹരിശ്രീ എന്നും അ, ആ എന്നും ഉരുവിട്ടു പഠിയ്ക്കുക.

വായ്പ്പാഠം കഴിഞ്ഞാൽ നിലത്തെഴുത്ത്. വെള്ളമണൽ നിലത്തു വിരിച്ച് മോതിരവിരൽകൊണ്ടും ചൂണ്ടാണി വിരൽകൊണ്ടും എഴുതുക. മണൽ 'ഒഴങ്' എന്നു പേരുള്ള ചിരട്ടയിൽ സൂക്ഷിയ്ക്കും. നിലത്തെഴുത്തു കഴിഞ്ഞാൽ 'പരൽപ്പേര്, 'ക, കാ, കി' എന്നു തുടങ്ങി 'ക്ഷ' വരെ. ആദ്യം മണൽ നിരത്തി ഹരിശ്രീ എന്നു തുടങ്ങി. 'ഴ, റ, ക്ഷ' വരെ വായ്പ്പാഠം ചൊല്ലിത്തീർന്നതിനുശേഷമേ ഓരോ പ്രാവശ്യവും എഴുതാവൂ. പിന്നീട് കൂട്ടക്ഷരങ്ങൾ, അക്ഷരസംഖ്യ.

ഇതെല്ലാം കഴിഞ്ഞാൽ 'ഓലയിൽ കൂട്ടുക'- അതായത്, മണലിലെ അഭ്യാസം കഴിഞ്ഞ് ഓലയിലെഴുതിത്തരുന്ന ഗണാഷ്ടകം, മുകുന്ദാഷ്ടകം, സ്തുതികൾ തുടങ്ങിയവ പഠിയ്ക്കണം. അടിവാക്യം, നക്ഷത്രവാക്യം എന്നിവയും.

പ്രാതൽ കഴിഞ്ഞു 11 മണിവരെ പഠിപ്പ്. പിന്നീട് 2 മണിമുതൽ 5 മണിവരെ. ശനിയാഴ്ചയും പകലിന്റെ ഒടുവിലത്തെ 5 നാഴികയും അനധ്യായം. ഓരോ പ്രാവശ്യവും എഴുത്തു നിർത്താറായാൽ വായ്പ്പാഠവും ഗുണപാഠവും ചൊല്ലണം. സിദ്ധരൂപം ഉരുവിട്ടു പഠിയ്ക്കണം. എഴുത്തുപള്ളിയിലോ അല്ലെങ്കിൽ ഏതെങ്കിലും ഭേദപ്പെട്ട കുട്ടിയുടെ വീട്ടിലോ വച്ചായിരിയ്ക്കും വിദ്യാഭ്യാസം. അവിടത്തെ ശിക്ഷകൾ പ്രസിദ്ധങ്ങളാണ്. വിദ്യാരംഭം, ഓണം, വിഷു തുടങ്ങിയവ വിശേഷദിവസങ്ങളിൽ ആശാന് ദക്ഷിണ നല്കണം.

ബ്രാഹ്മണരുടെ വിദ്യാഭ്യാസരീതി അല്പം വിഭിന്നമാണ്. നമ്പൂതിരിക്കുട്ടികൾക്ക് ഓരോ ദശയിലും പ്രത്യേക

വേദാധ്യയനരീതികളുണ്ട്. ഓതിയ്ക്കന്റെ ഗൃഹത്തിൽവെച്ചായിരിയ്ക്കും ഉപനയനം കഴിഞ്ഞുള്ള വിദ്യാഭ്യാസം. ഓത്തു പഠിപ്പിന്റെ രിതി ഇങ്ങനെയാണ്: ''കാലത്തെ സന്ധ്യാവന്ദനവും ചമതയും കഴിഞ്ഞു വന്നാൽ ആദ്യം 100-150 നമസ്ക്കരിയ്ക്കണം. അതുകഴിഞ്ഞാൽ അപ്പോൾത്തന്നെ ഇരുന്നു ചൊല്ലിത്തുടങ്ങുകയായി. ഊണു കഫലമാകുന്നതുവരെ ഇരുന്ന ഇരിപ്പിൽ ഉരുവിടുക. ഊണിനു സമയമായാൽ ഉപസ്ഥാനം (മാധ്യാഹ്നിക സന്ധ്യാവന്ദനം) കഴിച്ച് ഊണു കഴിച്ചാൽ അപ്പോൾതന്നെ ഇരുന്ന് ഉരുവിട്ടു തുടങ്ങും. സന്ധ്യാവന്ദനത്തിനു സമയമാകുന്നതുവരെ ഇരുന്നു ചൊല്ലുകതന്നെ. സായംസന്ധ്യ കഴിഞ്ഞിട്ട് അത്താഴം വരെയും പലപ്പോഴും അത്താഴം കഴിഞ്ഞിട്ട് ഒന്നുരണ്ടു നാഴികനേരവും ഉരുവിടണം.'' ഗ്രന്ഥത്തിൽ നിന്നല്ല, ഗുരുമുഖത്തു നിന്നാണ് പഠിത്തം

തുടങ്ങുന്നത്. വേദം മുഴുവൻ ഹൃദിസ്ഥമായ ഉപാധ്യായന്മാർ പണ്ടുണ്ടായിരുന്നു. പഠിത്തം കഴിഞ്ഞ് ഗുരുവിന് ദക്ഷിണ നല്കി സ്വഗൃഹത്തിലേയ്ക്കു പോകുന്നു.

അവിടെയും ജട, രഥ എന്നീ അഭ്യാസങ്ങൾ ശിക്ഷ, നിരുക്തം തുടങ്ങിയ വേദാംഗങ്ങൾ എന്നിവ പഠിയ്ക്കണം. ക്ഷേത്രത്തിൽ ഭജിയ്ക്കണം. ഇതെല്ലാം കഴിഞ്ഞേ സജ്ജനസദസ്സിൽ ശോഭിക്കാറാകൂ.

<u>എഴുത്തിനിരുത്തലിന്റെ ചടങ്ങുകൾ</u>

നവരാത്രിയ്ക്കു ശേഷം വരുന്ന വിജയദശമി ദിവസം മുഹൂർത്തം നോക്കാതെയും മറ്റു ദിവസങ്ങളിൽ മുഹൂർത്തം നോക്കിയും എഴുത്തിനിരുത്തുന്നു. കുട്ടികളുടെ മൂന്നാംവയസ്സിലോ അ|ഥാം വയസ്സിലോ ആണ് ഇതു നടത്തുക.

എഴുത്തിനിരുത്താൻ ആചാര്യൻ വേണം. അദ്ദേഹം കുട്ടിയെ മടിയിലാക്കി കത്തിച്ച നിലവിളക്കിനു മുമ്പിൽ ചമ്രം പടിഞ്ഞിരിയ്ക്കുന്നു. സ്വർണമോതിരം കൊണ്ട് കുട്ടിയുടെ നാവിൽ ''ഹരിശ്രീ ഗണപതയേ നമഃ'' എന്ന് ആദ്യമെഴുതും. പിന്നീട് അക്ഷരങ്ങളും! മുമ്പിൽ വെച്ചിട്ടുള്ള ഉരുളിയിലെ അരിയിൽ കുട്ടിയുടെ മോതിരവിരൽ (ചില ദിക്കിൽ ചൂണ്ടാണി വിരൽ) കൊണ്ട് അക്ഷരങ്ങളെല്ലാം എഴുതിയ്ക്കും. ആ അരി പാകം ചെയ്ത് കുട്ടിയ്ക്ക് ചോറായോ പായസമായോ നല്കുന്നു. ഗുരുനാഥന് ദക്ഷിണ കൊടുക്കണം. സദ്യയുമുണ്ടാകും. ഇതാണ് എഴുത്തിനിരുത്തലിന്റെ പൊതുവായ ചടങ്ങുകൾ.

<u>ദസറ: ശമിയുടെ ഇല കൊണ്ട് പൂജ</u>

ദസറയെക്കുറിച്ച് മറ്റൊരു കഥയുണ്ട്. പാണ്ഡവരുടെ അജ്ഞാതവാസക്കാലം വിരാട രാജധാനിയിലായിരുന്നു. വിരാട രാജാവിന്റെ കൊട്ടാരത്തിൽ പ്രവേശിയ്ക്കുന്നതിന് മുമ്പ് പാണ്ഡവർ ആയുധങ്ങൾ അടുത്ത് നിന്നിരുന്ന ശമീ വൃക്ഷത്തിനെ ഏൽപ്പിച്ചു. ഒരു വർഷത്തെ അജ്ഞാതവാസം അവസാനിച്ചപ്പോൾ ശമീ വൃക്ഷത്തിൽ നിന്ന് ആയുധങ്ങൾ തിരിച്ചുവാങ്ങി അവർ യഥാർത്ഥ വ്യക്തിത്വം ലോകർക്ക് വെളിവാക്കി.

ആ ദിവസമാണ് വിജയദശമിയായി ആഘോഷിയ്ക്കുന്നതെന്ന് വിശ്വാസം. സ്വന്തം സ്വത്വം വെളിവാക്കുന്ന ദിനമെന്ന അർത്ഥം കൂടി അങ്ങിനെ വിജയദശമിയ്ക്ക് കൈവന്നു, അതിനാൽ വിജയദശമി ദിവസം ശമിയുടെ ഇല കൊണ്ട് ദുർഗയ്ക്ക് നടത്തുന്ന പൂജ അത്യന്തം വിശേഷമാണത്രേ.

<u>വിജയദശമിയിൽ ആദ്യാക്ഷരം</u>

കേരളത്തിൽ സരസ്വതീ ക്ഷേത്രങ്ങൾ, കോട്ടയം പനച്ചിക്കാട് പറവൂർ ദക്ഷിണ മൂകാംബികാ ക്ഷേത്രം,

തിരൂർ തുഞ്ചൻപറമ്പ്, ഐരാണിമുട്ടം തിരുവുള്ളക്കാവ്, കുഞ്ചൻസ്മാരകം, ചിറ്റൂർ തുഞ്ചൻ മഠങ്ങൾ എന്നിവിടങ്ങളിൽ എഴുത്തിനിരുത്താറുണ്ട്. ചിലർ വീട്ടിൽ വെച്ചും നടത്തും. കേരളത്തിനു പുറത്തുള്ള കൊല്ലൂർ മൂകാംബികാ ക്ഷേത്രത്തിലും എഴുത്തിനിരുത്താറുണ്ട്. എഴുത്തിൽകൂട്ടുക, എഴുത്തിനു വയ്ക്കുക എന്നീ പേരുകളും ഇതിനുണ്ട്

അക്ഷരമെന്നാൽ ക്ഷരം (നാശം) ഇല്ലാത്തത്, ക്ഷയിയ്ക്കാത്തത് അനന്തമായത് എന്നാണർത്ഥം. അക്ഷരാത്മികതയാണ് ദുർഗ്ഗ. അതിനാലാണ് വിജയദശമി ദിവസം കുട്ടികളെ എഴുത്തിനിരുത്തുന്നതും മുതിർന്നവർ കുട്ടികളുടെ മനസ്സോടെ വീണ്ടും വിദ്യാരംഭം കുറിയ്ക്കുന്നതും.

ദേവീ പൂജയ്ക്ക്ശേഷം മുൻപിൽ വച്ച താമ്പാളത്തിൽ പരത്തിയിട്ട അരിയിന്മേൽ കുട്ടിയുടെ വിരൽ പിടിച്ച് 'ഹരിശ്രീ ഗണപതയേ നമഃ അവിഘ്നമസ്തു ശ്രീ ഗുരുഭ്യോ നമഃ' എന്നെഴുതിയ്ക്കുന്നു. പിന്നീട് പൊൻമോതിരം കൊണ്ട് നാവിൽ ഓങ്കാരവും എഴുതുന്നു.

മുതിർന്നവർ ആയുധപൂജയ്ക്ക് വയ്ച്ച ആയുധങ്ങളെടുത്ത് വന്ദിച്ച് തൊഴിൽ ചെയ്യുന്നു. കർഷകൻ കലപ്പകൊണ്ട് ഭൂമിയിൽ വെട്ടുകയും എഴുത്തുകാരൻ എഴുതുകയും നർത്തകി ചിലങ്കയണിയുകയും ചെയ്യുന്നു.

## *Hari Shree*



## Letter to Editor :-

# "Navaneetham" Online Magazine

A wonderful & meaningful name has selected to this magazine.
The name Navaneetham itself shows, without turning the pages
it is related to lord Krishna ! like the freshly churned butter !

Which has been freshly churned from the deepest heart of his each devotees!
And has been presented to the lotus feet of their beloved god lord Krishna, with all their devotional prayers from the inner & inner mind where an image of god has been formed.

As a viewer, I'm glad to say Navaneetham magazine is all about GOD
Includes articles, poems, sketches, provides information about temples from all over etc..

Recently published "slokam special" was really benefited to the devotees, however, hoping to see the same again & also in Malayalam version.

Each topic & contents are various and delightful!
Special attraction to the cover page is well noted in all the edition !
Which always suites to that months festival or celebration of Hinduism.

As a devotee, I am proud to be a part of this wonderful magazine
Which has been generated, formed & published by a group of devotees
Where a devotional strength can be visualized.

As a reader, personally I wish to thank the staff & management
Who is working behind with all their physical & mental effort for the
progress & success of this magazine to reach to the utmost satification of their readers !

I wish all the great success to the GOD'S own book "NAVANEETHAM" !

**By : Mrs. Neena Manoj, P.O.Box: 1169, Sharjah – U.A.E.**



**Please email your name and a brief introduction to have your personal introduction published in next Navaneetham. Please email your comments, suggestions & articles for next Navaneetham to editor@guruvayoor.com**

## Sources, credits and copyright acknoledgements

Krishna pictures/Artwork courtesy of
**The Bhaktivedanta Book Trust International, Inc.**
**www.krishna.com.**
*Times of India – www.timesofindia.com*

*Srimad Bhagavatham - http://blogs.epicindia.com/bhagavatam/great-story-of-bali.html*


**Our apologies for those articles & poems we could not publish this time due to space limitations. We will have them published in the forthcoming issues.**

**കൃഷ്ണാ ഗുരുവായൂരപ്പാ!**



**Submitted at the lotus feet of Sri Guruvayoorappan by devotees.**

**Loka Samastha Sukhino Bhavanthu - May God bless everyone.**

**Om Namo Narayanaya:**